**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4752** 27.10.2016 **-ൽ മറുപടിക്ക്**

**'ആനക്കയം പാലം'**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ നാല് വാർഡുകൾ സ്ഥിതിചെയ്യുന്ന വടാട്ടുപാറ, എടമലയാർ, പൊയ്ക പ്രദേശങ്ങളും പഞ്ചായത്ത് ആസ്ഥാനമായ കുട്ടമ്പുഴയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് കുട്ടമ്പുഴ-ആനക്കയം കടവിൽ 'ആനക്കയം പാലം'നിർമ്മിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ടോ? | (എ) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി ആനക്കയം പാലം പണിയുന്നതിന് ഭരണാനുമതി വാങ്ങിയിരുന്നെങ്കിലും, പാലം കടന്നു പോകുന്നത് വനം വകുപ്പിന്റെ സ്ഥലത്തു കൂടിയാണ്. ആയതിന് വനം പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചില്ല. സ.ഉ (സാധാ) നം.371/14/പൊ.മ.വ തീയതി 04.03.2014 പ്രകാരം 17.5 കോടി രൂപയുള്ള ഭരണാനുമതി നൽകിയെങ്കിലും ഫണ്ട് ലഭ്യമല്ലാത്തതു കാരണം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നില്ല. ഇപ്പോൾ ഭരണാനുമതി നിലവിലില്ല. |
| (ബി) ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) ആനക്കയം പാലംനിർമ്മാണത്തിന് 6 സെന്റ് വനഭൂമി വനം വകുപ്പിൽ നിന്നും വിട്ടു കിട്ടുന്നതിനായി ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ വനം വകുപ്പ് പ്രസ്തുത പാലം നിർമ്മാണത്തിന് 1.70 ഹെക്ടർ വനഭൂമി ആവശ്യമുള്ളതായി അറിയിച്ചു. ഇതനുസരിച്ച് വനംവകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**